പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3035 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത്, 01.01.2016 മുതൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വേതനം ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ രീതിയിലുള്ള വേതന വിതരണപ്രകാരം പ്രസ്തുത മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | നടത്തിയിട്ടുണ്ട്. |
| (സി) | എന്തെല്ലാം പ്രശ്നങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (സി) | ഇത് പ്രകാരം ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾക്ക് അനുസൃതമായി തുക ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ചില ജില്ലകളിൽ പോസ്റ്റാഫീസിൽ അക്കൗണ്ടുള്ള തൊഴിലാളികൾക്കുള്ള വേതനം നാഷണൽ ഇ-എഫ്.എം.എസ്. മുഖേന യഥാ സമയം ബന്ധപ്പെട്ടവരുടെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നാഷണൽ ഇ-എഫ്.എം.എസ്. മുഖേനയുള്ള കൂലി വിതരണവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഉടൻ തന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം ദിവസേന മോണിറ്റർ ചെയ്യുന്നതിന് ഒരു കൺസൽട്ടന്റിനെ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷനിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ